ഇൻഫർമേഷൻ ടെക്നോളജി വികസനം

21 (*171)ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ആരംഭിച്ചിട്ടുള്ള വകുപ്പിന്റെ പ്രവർത്തനം പൂർണ്ണതയിലായിട്ടുണ്ടോ;

(സി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്കൂൾ തുടങ്ങുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണ്; എന്നത്തേക്ക് പ്രസ്തുത സ്ക്കൂളിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് കമ്പ്യൂട്ടർ ശൃംഖല വ്യാപകമാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് ഓരോ ഓഫീസിലും നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇൻഫർമേഷൻ ടെക്നോളജി മേഖലയുടെ വികസനത്തിലൂടെ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഇൻഫർമേഷൻ ടെക്നോളജി വികസനത്തിന്റെ ഭാഗമായി സർക്കാർ സമഗ്രമായ ഒരു ഐ.റ്റി.നയം പ്രഖ്യാപിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ വ്യാപകവും സാർവത്രികവുമായ ഉപയോഗം, സുശക്തമായ ഒരു വിവര സാങ്കേതിക വ്യവസായ അടിത്തറ കെട്ടിപ്പടുക്കൽ, സമഗ്രമായ ഒരു സംസ്ഥാന വിവരവിനിമയ ശൃംഖല സ്ഥാപിക്കൽ, വിവരവിനിമയ സാങ്കേതിക വിദ്യയിൽ ആവശ്യമായ മാനവശേഷി വികസിപ്പിച്ചെടുക്കൽ എന്നീ കാര്യങ്ങളാണ് ഐ.റ്റി. നയത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനനുസരണമായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഐ.റ്റി. നയം സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനാണ് ഈ വകുപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത വകുപ്പ് ഒരു സെക്രട്ടറിയുടെ സ്വതന്ത്ര ചുമതലയിൽ ആക്കിയിട്ടുണ്ട്. ഐ.റ്റി. വകുപ്പിനെ ഈ വിഷയത്തിൽ സഹായിക്കുന്നതിനായി സാങ്കേതിക വിദഗ്ധർ അടങ്ങുന്ന ഐ.റ്റി. മിഷൻ ഗ്രൂപ്പ് എന്ന ഒരു സാങ്കേതിക ടീം രൂപീകരിച്ചിട്ടുണ്ട്.

(ഡി) സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിന്റെ ഒന്നാം ഘട്ടം ആരംഭിക്കുന്നതിന് കൺസൾട്ടന്റായി കേന്ദ്ര ഗവൺമെന്റിന്റെ മാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ ഉള്ള എഡ്യൂക്കേഷണൽ കൺസൾട്ടൻസ് ഇന്ത്യ (എഡ്-സിൽ) ലിമിറ്റഡിനെ ചുമത

LIBRARY ARCHIVES Kerala Legislative Assembly

ലപ്പെടുത്തിക്കഴിഞ്ഞു. ഐഡ്-സിൽ സ്കൂളിന്റെ പ്രവർത്തനത്തെ സംബന്ധിക്കുന്ന കരടു രേഖ തയ്യാറാക്കിയിട്ടുണ്ട്. സ്കൂളിന്റെ ആദ്യഘട്ടം അടുത്ത അദ്ധ്യയന വർഷം (2000-2001) മുതൽ പ്രവർത്തനസജ്ജമാകുന്ന വിധത്തിൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(ഇ) ഇൻഫർമേഷൻ ടെക്നോളജി സർക്കാരിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 34 വകുപ്പുകളെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകളിൽ ഇതിനായി ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയും നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അവർക്ക് ആവശ്യമായ പരിശീലനം നൽകികൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് കമ്പ്യൂട്ടർ ശൃംഖല വ്യാപകമാക്കുന്നതിന്റെ ഭാഗമായി എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടിയും സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റ് അനക്സ്, വികാസ് ഭവൻ, പബ്ലിക് ആഫീസ് എന്നിവയെ ബന്ധിപ്പിക്കുന്ന ശൃംഖല സ്ഥാപിക്കുന്ന നടപടിയും പൂർത്തിയായി വരുന്നു. ഇൻഫർമേഷൻ ടെക്നോളജി നൽകുന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസന രംഗത്തെ വിവരങ്ങൾ പൂർണ്ണമായും വളരെ വേഗത്തിലും ഗ്രാമീണ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്ക് വിജ്ഞാന കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖല (ആർ.ഡി.നെറ്റ്) പ്രവർത്തന സജ്ജമായി കഴിഞ്ഞു. ആർ.ഡി. നെറ്റിലൂടെ സംസ്ഥാനത്ത് എല്ലാ ബ്ലോക്കാഫീസുകളും ജില്ലാ ഗ്രാമവികസന ഏജൻസികളും കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുന്ന ഏജൻസികളും ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന ബഹുമതിക്ക് കേരളം അർഹമായി.

(എഫ്) പൊതുജനങ്ങൾക്ക് പ്രാപ്യമായ വിധത്തിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ വ്യാപകമായ സാങ്കേതിക സാദ്ധ്യതകൾ സർക്കാർ തലത്തിൽ ഉപയോഗപ്പെടുത്തുമ്പോൾ കൂടുതൽ സുതാര്യമായതും ഉത്തരവാദിത്വത്തോടും കൂടിയ ഭരണ നിർവ്വഹണം സാദ്ധ്യമാവുമെന്ന് കണക്കാക്കപ്പെടുന്നു. ഇതുമൂലം ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുവാൻ കഴിയും. മറ്റു വ്യാവസായിക മേഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഐ.റ്റി.വ്യവസായത്തിന്റെ വളർച്ച കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്ന പരിപാടികളെപ്പറ്റിയുള്ള വിവരങ്ങളുടെ ലഭ്യതയും കൈമാറ്റവും വേഗത്തിലും കൃത്യമായും സാദ്ധ്യമാവുന്നതാണ്.

പ്രവാസി മലയാളികൾക്ക് സുരക്ഷിത വരുമാനം ഉറപ്പു വരുത്തുന്നതിന് പദ്ധതി

22 (*172)ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികൾക്ക് സുരക്ഷിത വരുമാനം ഉറപ്പുവരുത്തുതിന് വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് ഇതിനകം എടുത്തതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly